**പതിമൂന്നാം കേരള നിയമസഭ**
**പതിനാലാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 4814 24.07.2015-ൽ മറുപടിക്ക്

**ട്രോമ കെയർ സംവിധാനം**

| **ചോദ്യം** | **മറുപടി** |
|---|---|
| ശ്രീ. വി.ഡി. സതീശൻ<br>" പി.സി. വിഷ്ണുനാഥ്<br>" എ.റ്റി. ജോർജ്ജ്<br>" കെ. മുരളീധരൻ | **ശ്രീ.വി.എസ്.ശിവകുമാർ**<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | വർദ്ധിച്ച് വരുന്ന റോഡപകടങ്ങൾ കണക്കിലെടുത്ത് എല്ലാ താലൂക്ക് ആശുപത്രികളിലും അത്യാഹിത വിഭാഗം ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ ; | (എ) | പ്രധാന താലൂക്കാശുപത്രികളിലെല്ലാം ടേൺ ഡ്യൂട്ടി അടിസ്ഥാനത്തിൽ അത്യാഹിത വിഭാഗത്തിൽ ഡോക്ടർമാരുടെ സേവനം ലഭ്യമാക്കുന്നുണ്ട്. |
| (ബി) | എത്ര ആശുപത്രികളിൽ ട്രോമ കെയർ സംവിധാനം ഇപ്പോൾ ലഭ്യമാണ് ; ഏതെല്ലാം ആശുപത്രികളിലാണ് പ്രസ്തുത സംവിധാനം ഉള്ളതെന്ന് അറിയിക്കുമോ ; | (ബി) | ആരോഗ്യവകുപ്പിലെ ആശുപത്രികളിൽ ട്രോമാകെയർ സംവിധാനം നിലവിലെ അത്യാഹിത വിഭാഗത്തിന്റെ പ്രവർത്തന ത്തിന്റെ ഭാഗമായാണ് നടന്നുവരുന്നത്. 13-ാം ധനകാര്യ കമ്മീഷന്റെ സഹായത്തോടെയും മറ്റു ചില സ്കീമുകളുടെ ഭാഗമായും, അത്യാഹിത വിഭാഗത്തിൽ ഇതിനായുള്ള ചില അടിസ്ഥാന സൗകര്യ വികസനവും, അവശ്യഉപകരണങ്ങൾ വാങ്ങലും നടത്താൻ കഴിഞ്ഞിട്ടുണ്ടെങ്കിലും പൂർണ്ണമായ തോതിൽ ട്രോമാകെയർ സംവിധാനം ആരോഗ്യവകുപ്പിലെ ആശുപത്രി കളിൽ ഒരുക്കുവാൻ കഴിഞ്ഞിട്ടില്ല. ഇതിനാവശ്യമായ അധിക തസ്തികകൾ സൃഷ്ടിക്കുവാനും കഴിഞ്ഞിട്ടില്ല. ദേശീയ പാതയുടെയും പ്രധാന സംസ്ഥാന ഹൈവേകളുടെയും അരികിലുള്ള 25 ജനറൽ/ ജില്ലാ/താലൂക്കാശുപത്രികളാണ് വിവിധ പദ്ധതികളിലായി ഇതിൽ ഉൾപ്പെടുത്തി യിരിക്കുന്നത്.<br>കേന്ദ്രഗവൺമെന്റിന്റെ ട്രോമാകെയർ പ്രോഗ്രാമിന്റെ ഭാഗമായി ആലപ്പുഴ മെഡിക്കൽ കോളേജ് ആശുപത്രിയിലും എറണാകുളം ജനറൽ ആശുപത്രിയിലും കണ്ണൂർ ജില്ലാ ആശുപത്രിയിലും ട്രോമാകെയർ സംവിധാനം ഒരുക്കുവാനുള്ള പ്രാരംഭ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. തിരുവനന്തപുരം, കോഴിക്കോട് സർക്കാർ മെഡിക്കൽ കോളേജുകളിൽ ട്രോമ കെയർ നിലവിലുണ്ട്. |
| (സി) | എല്ലാ ജില്ലാ താലൂക്ക് ആശുപത്രികളിലും ട്രോമ കെയർ സംവിധാനം സജ്ജമാക്കാൻ നടപടി സ്വീകരിക്കുമോ ? | (സി) | അടിസ്ഥാന സൗകര്യമൊരുക്കിയും അധിക തസ്തിക സൃഷ്ടിച്ചും ഘട്ടം ഘട്ടമായി ട്രോമാകെയർ സംവിധാനം വ്യാപിപ്പിക്കുന്നതിന് നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ